(ഡി) ഇതിന്റെ അഡ്വൈസറായി ആരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) ആലപ്പുഴയിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണ്ണയത്തിനുള്ള എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തന സജ്ജമാക്കുവാൻ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) ഉപകരണങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഡോ. വില്യം ഹാൾ, ഡയറക്ടർ, സെന്റർ ഫോർ റിസർച്ച് ഇൻ ഇൻഫെക്ഷ്യസ് ഡിസീസസ്, ഡബ്ലിനെയാണ് അഡ്വൈസറായി നിയമിച്ചിട്ടുള്ളത്.

(ഇ) ആലപ്പുഴയിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണ്ണയത്തിനുള്ള സൗകര്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പരിസ്ഥിതി സംബന്ധിച്ച ധവളപത്രം**

32(5416) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പരിസ്ഥിതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ധവളപത്രത്തിന്റെ കരട് തയ്യാറാക്കുന്ന അവസരത്തിൽ പ്രളയം സംബന്ധിച്ച പരിസ്ഥിതികാഘാതം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കാലാവസ്ഥാ വ്യതിയാനം, പ്രളയം എന്നിവയാൽ സൃഷ്ടിക്കപ്പെടുന്ന പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ തരണം ചെയ്യുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പരിസ്ഥിതി സൗഹാർദ്ദപരമായ വികസന പ്രവർത്തനങ്ങളിൽ ഊന്നൽ നൽകികൊണ്ടുള്ള സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക, മനുഷ്യന്റെ പരിസ്ഥിതിയുമായുള്ള ഇടപെടലുകൾ പ്രകൃതി സൗഹാർദ്ദമാക്കിമാറ്റുവാനുള്ള അവബോധം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നമ്മുടെ പരിസ്ഥിതിയുടെ സവിശേഷതകളും അവയ്ക്ക് ഇപ്പോൾ സംഭവിച്ചിരിക്കുന്ന ആഘാതങ്ങളും മനസ്സിലാക്കുന്നതിനും പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങളിൽ ഏതൊക്കെ മേഖലകളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട് എന്നിവ മുൻനിർത്തിയും പരിസ്ഥിതി സംബന്ധിച്ച ധവളപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പരിസ്ഥിതിയുടെ ഇപ്പോഴുള്ള അവസ്ഥ, തന്ത്രപ്രധാനമായ ലക്ഷ്യങ്ങൾ, പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടാനുള്ള പദ്ധതി, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായുള്ള നിയന്ത്രണത്തിന്റെ വിവിധ തലങ്ങൾ, വിഭവങ്ങളുടെ പരിപാലനവും സുസ്ഥിര ഉപയോഗവും ജനങ്ങളും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം എന്നിവയെ മുൻനിർത്തിയാണ് ധവളപത്രം തയ്യാറാക്കിയിരിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ സുസ്ഥിര ഭൂവിനിയോഗത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി സർക്കാർ കേരള പുനർ നിർമ്മാണ പദ്ധതി (Rebuild Kerala Initiative) നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് ദുരന്തത്തെ അതിജീവിക്കാൻ കഴിയുന്നതും ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ്. കാലാവസ്ഥ വ്യതിയാനം, പ്രളയം എന്നിവയാൽ സൃഷ്ടിക്കപ്പെടുന്ന പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ തരണം ചെയ്യുന്നതിനുവേണ്ടി കാലാവസ്ഥ വ്യതിയാനം, കാലാവസ്ഥ അനുരൂപകൃഷി രീതികൾ എന്ന ശീർഷകത്തിനുകീഴിൽ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

**കാലാവസ്ഥ വ്യതിയാനം**

33(5417) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഭവിച്ചിട്ടുള്ള കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രകൃതിക്ഷോഭങ്ങളെ നേരിടുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്